**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 117** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാലടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൻമേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ കാലടി പോലീസ് സ്റ്റേഷനിൽ 180501/2022 നമ്പരായി ഏതെങ്കിലും പരാതി ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ കാലടി പോലീസ് സ്റ്റേഷനിൽ 180501/2022 നമ്പരായി ഒരു പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതിയിൽ പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ സാധിക്കാത്ത കുറ്റകൃത്യമായതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പരാതി വിഷയത്തിൽ 155(1) CrPC പ്രകാരം ബഹു. കോടതി മുഖാന്തരം പരിഹാരം കാണാവുന്നതാണെന്ന് പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതി പ്രകാരം പോലീസ് ഡിജിറ്റൽ തെളിവുകൾ ശേഖരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കേസിൽ ആരോപണ വിധേയന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും, രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കാരണമെന്താണെന്നും വിശദമാക്കാമോ; | (സി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | ലളിതകുമാരി Vs കർണ്ണാടക കേസിലെ സുപ്രീം കോടതി വിധി വ്യവസ്ഥ പ്രകാരം പ്രസ്തുത കേസിൽ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ